**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6098** **17-03-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ കെ.എസ്.ഐ.ഡി.സിയുടെ സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കെ.എസ്.ഐ.ഡി.സി.യുടെ കൈവശം എത്ര ഏക്കർ സ്ഥലമുണ്ട്; വിശദാംശം അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ ആസ്ട്രൽ വാച്ചസ് കമ്പനി സ്ഥിതിചെയ്തിരുന്ന 1.99 ഏക്കർ ഭൂമി കെ.എസ്.ഐ.ഡി.സി.യുടെ കൈവശമുണ്ട്. |
| (ബി) | ഈ സ്ഥലം പ്രയോജനപ്പെടുത്താൻ കെ.എസ്.ഐ.ഡി.സി. എന്തെങ്കിലും പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു മാതൃക വ്യവസായ സമുച്ചയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി സ്വീകരിച്ച് വരികയാണ്. ഭക്ഷ്യ, കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവും പാക്കിംഗും മറ്റു വ്യവസായ സംരംഭങ്ങളും തുടങ്ങുന്നതിന് അനുയോജ്യമായിട്ടാണ് കെട്ടിടം രൂപകൽപന ചെയ്യുന്നത്. മാതൃക വ്യവസായ സമുച്ചയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഏകദേശം 40 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു. നിർമ്മാണ പ്രവൃത്തി 2025-ഓടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ മാനേജ്മെന്റ് കൺസൽട്ടന്റായ കിറ്റ്കോ എസ്റ്റിമേറ്റും, പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. ഇവ വിശദമായി പരിശോധിച്ചതിനുശേഷം, Comprehensive Administrative Sanction നല്കാൻ കഴിയുന്നതാണ്.<br><br>പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണത്തിനായി 33 ലക്ഷം രൂപയുടെ ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്. |
| (സി) | ഈ പ്രവർത്തനങ്ങൾക്ക് 2023-24 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു മാതൃക വ്യവസായ സമുച്ചയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി സ്വീകരിച്ച് വരികയാണ്. ഭക്ഷ്യ, കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവും പാക്കിംഗും മറ്റു വ്യവസായ സംരംഭങ്ങളും തുടങ്ങുന്നതിന് അനുയോജ്യമായിട്ടാണ് കെട്ടിടം |

| | | | |
|---|---|---|---|
| | | | രൂപകൽപന ചെയ്യുന്നത്. മാതൃക വ്യവസായ സമുച്ചയ കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഏകദേശം 40 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു. നിർമ്മാണ പ്രവൃത്തി 2025-ഓടെ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ മാനേജ്മെന്റ് കൺസൾട്ടന്റായ കിറ്റ്കോ എസ്റ്റിമേറ്റും, പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. ഇവ വിശദമായി പരിശോധിച്ചതിനുശേഷം, Comprehensive Administrative Sanction നല്കാൻ കഴിയുന്നതാണ്.<br><br>പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ 2.5 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണത്തിനായി 33 ലക്ഷം രൂപയുടെ ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ